കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ

# 2015-16 വർഷ ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.കെ.കെ.ഡി.പി13/2046/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി. 22-11-2016.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെങ്ങോട്ട് കാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്ങോട്ട് കാവ് ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക.

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.കെ.കെ.ഡി.പി13/2046/2016. തീയതി: 22-11-2016.

<u>കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ</u>

<u>2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-08-2015 മുതൽ 06-10-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, തനതുഫണ്ട് അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | | ശ്രീ.സതീഷ് കുമാർ.കെ.കെ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | | 24-10-2016 . മുതൽ 04-11-2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | 1 | ശ്രീ.എ.കെ.ബാലസുബ്രഹ്മണ്യൻ, ഓഡിറ്റ് ഓഫീസർ |
| | | 2 | ശ്രീ.സി.വി.പ്രശാന്ത്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | 3 | ശ്രീ.സതീഷ് കുമാർ.സി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി ഷാനി .പി.വി<br>ശ്രീമതി.പത്മജ.എൻ | 01-04-2015മുതൽ 31-10-2015 വരെ<br>12-11-2015മുതൽ 31-03-2016 വരെ |
| സെക്രട്ടറി | | ശ്രീ.പി.മോഹനൻ | 01-04-15 മുതൽ 27-07-2015 വരെ |
| | | ശ്രീ. ഇ.രാജേന്ദ്രൻ | 27-07-2015മുതൽ 31-03-2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| വി.ഇ.ഒ | | ശ്രീമതി.സ്മിത | 01-04-2015മുതൽ 31-03-2016 വരെ |
| | | ശ്രീ.സന്തോഷ് | 01-04-2015മുതൽ 31-03-2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീ.ബിജു.എ.എം | 01-04-2015മുതൽ 31-03-2016 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | | ശ്രീമതി.വത്സല.എം.എം | 01-04-2015മുതൽ 31-03-2016 വരെ |
| ഫിഷറീസ് ഓഫീസർ | | ശ്രീ.ടി.ആർ. രാജേഷ് | 01-04-2015മുതൽ 03-02-2016 വരെ |
| ഫിഷറീസ് ഓഫീസർ | | ശ്രീ.ടി.പി. പ്രഭാകരൻ | 04-02-2016 മുതൽ 31-03-2016 വരെ |
| ഹെഡ് മാസ്റ്റർ | | ശ്രീ.രാമകൃഷ്ണൻ മാസ്റ്റർ | 01-04-2015മുതൽ 31-3-2016 വരെ |

| | | | | |
|---|---|---|---|---|
| വെറ്റിനറി സർജൻ | | | ഡോ.അബ്ദുൾ ലത്തീഫ് | 01-04-2015മുതൽ 31-03-2016 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | | | ശ്രീമതി.സജിത | 01-04-2015മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ | | | ഡോ.പ്രസില | 01-04-2015മുതൽ 31-03-2016 വരെ |
| കൃഷി ഓഫീസർ | | | ശ്രീമതി.ഡാന | 01-04-2015മുതൽ 31-03-2016 വരെ |
| ആയുർവേദ മെഡിക്കൽഓഫീസർ | | | ഡോ.വിദ്യാ ബാലകൃഷ്ണൻ | 01-04-2015മുതൽ 31-03-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | | ശ്രീമതി.ദീപ.ടി.എ | 01-04-2015മുതൽ 31-03-2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | |
|---|---|---|
| ഭാഗം 1<br>പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| | 1-4 | സാമ്പത്തിക വിശകലനം |
| | 1-5 | ഫണ്ട് വിനിയോഗം |
| | 1-6 | പദ്ധതി അവലോകനം |
| | 1-7 | തനത് വരുമാനം. |
| | 1-8 | ക്ഷേമപദ്ധതികൾ |
| | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | | |
| ഭാഗം 2<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | 2-1 | വാർഷിക കണക്കിലെ അപാകതകൾ |
| | 2-2 | ക്യാൻസൽ ചെയ്ത രശീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല |
| | 2-3 | സാംഖ്യ രശീത് സ്റ്റോക്കിൽ വ്യത്യാസം |

| | | |
|---|---|---|
| | 2-4 | ഡി&ഒ ലൈസൻസ് അപേക്ഷയിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല |
| | 2-5 | കെട്ടിടനികുതി അടച്ചത് ഡിമാന്റ് രജിസ്റ്ററിൽ വന്നിട്ടില്ല. |
| | 2-6 | കെട്ടിടനിർമ്മാണപെർമിറ്റ് :രജിസ്റ്ററിൽ വിവരങ്ങൾ ചേർത്തിട്ടില്ല |
| | 2-7 | തൊഴിൽ നികുതി ചട്ടപ്രകാരം പിരിച്ചെടുത്തിട്ടില്ല |
| | 2-8 | വാടകകെട്ടിട കൈവശക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിച്ചില്ല |
| | 2-9 | ബിസിനസ്സുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നത് കാര്യക്ഷമമല്ല |
| | 2-10 | കെട്ടിടനിർമ്മാണ സാമഗ്രികളുടെ ലേലം :പഞ്ചായത്ത് തീരുമാനം നടപ്പാക്കിയില്ല |
| ഭാഗം 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | 3-1 | നടപ്പാത കോൺക്രീറ്റിന് ആവശ്യകതയിൽ കൂടുതൽ ചെലവ് |
| | 3-2 | സബ്സിഡി മാർഗ്ഗരേഖയ്ക്കും അന്വേഷണ റിപ്പോർട്ടുകൾക്കും വിരുദ്ധമായി ഭവന പുനരുദ്ധാരണത്തിന് സബ്സിഡി നൽകി |
| | 3-3 | ഭവനപൂർത്തീകരണത്തിന് അധികം തുക നല്കി |
| | 3-4 | തുല്യതാ പഠനം:സബ്സിഡി മാർഗ്ഗരേഖ മറികടന്ന് പഠനോപകരണങ്ങൾ വാങ്ങി നൽകി |
| | 3-5 | കരാർ ലംഘനം നടത്തി - പിഴ ഈടാക്കിയില്ല |
| | 3-6 | എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ: അപേക്ഷ, കൈപ്പറ്റു രശീതി ഇല്ല |
| | 3-7 | പദ്ധതി മാർഗ്ഗരേഖയും ഫണ്ട് വിനിയോഗമാർഗ്ഗരേഖയും മറികടന്ന് മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)ഉപയോഗിച്ച് പ്രിന്റിംഗ് |
| | 3-8 | മേഖല വിഭജനം മറികടന്ന് തുക ചെലവഴിച്ചു |
| | 3-9 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)ഫണ്ട് വകമാറ്റി ചെലവഴിച്ചു |
| | 3-10 | പദ്ധതി മാർഗ്ഗരേഖ മറികടന്ന് വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം |
| | 3-11 | മൊബിലൈസേഷൻ അഡ്വാൻസ് നൽകി നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല |
| | 3-12 | ഐഎവൈ ഗ്രാമപഞ്ചായത്തു വിഹിതം - വിനിയോഗിച്ചില്ല |
| | 3-13 | 4,5,6 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മേശയും കസേരയും :അപേക്ഷ, കൈപ്പറ്റ് രശീതി |

| | | |
|---|---|---|
| | | ഇല്ല |
| | 3-14 | കന്നുകുട്ടി പരിപാലന പദ്ധതി നിർവ്വഹണ രേഖകൾ ഹാജരാക്കിയില്ല |
| | 3-15 | വീട് വയ്ക്കാൻ സ്ഥലം വാങ്ങൽ - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചില്ല |
| | 3-16 | വാറ്റ് കുറവായി ഈടാക്കിയത് |
| | 3-17 | റോഡ് പ്രവൃത്തികൾക്ക് ഭാഗിക പ്രൊജക്ട് |
| | 3-18 | സർവ്വ ശിക്ഷാ അഭിയാൻ വിഹിതം അടവാക്കിയത് : വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല |
| ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| | 4-6 | ഓഡിറ്റ് റിക്കവറി |
| | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30.3.15 തീയതിയിലെ 51/15 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട | ലഭിച്ച | അപാകത പരിഹരിക്കാൻ തിരിച്ചയച്ച | അപാകത പരിഹരിച്ച് ലഭിച്ച |
|---|---|---|---|

| തീയതി | തീയതി | തീയതി | തീയതി |
|---|---|---|---|
| 31-7-2016 | 25-7-16 | ---- | ----- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 3.11.16 | അനുബന്ധം 1 കാണുക |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേമെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുൻബാക്കി | 17715299.72 |
| വരവ് | 28384180 |
| ആകെ | 46099479.72 |
| ചെലവ് | 42902799 |
| നീക്കിബാക്കി | 3196680.72 |

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 226 | 151 | 75 | 86 | 67 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷിഓഫീസർ | 5 | 5 | 1573900 | 1182310 | 75 |
| മെഡിക്കൽ ഓഫിസർ(പി.എച്ച്.സി) | 1 | 1 | 510000 | 486700 | 95 |
| മെഡിക്കൽ ഓഫിസർ(ആയുർവേദം) | 2 | 2 | 3,30,000 | 3,30,000 | 100 |
| .എൽ .വി.ഇ.ഒ | 1 | 0 | 2769500 | 0 | 0 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 11 | 3183549 | 2931469 | 92 |
| സെക്രട്ടറി | 25 | 9 | 5109058 | 2272035 | 44 |
| വി.ഇ.ഒ2 | 13 | 12 | 6386800 | 4250600 | 67 |
| അസി.എഞ്ചിനീയർ | 134 | 81 | 25727291 | 14217735 | 55 |
| ഹെഡ് മാസ്റ്റർ | 10 | 10 | 1620000 | 1513077 | 93 |
| ഡയറിഫാം ഇൻസ് പെക്ടർ | 2 | 1 | 1170000 | 150000 | 13 |
| അസി.സെക്രട്ടറി | 15 | 12 | 4714997 | 1754000 | 37 |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 892000 | 891655 | 99.9 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2540707 | 1894226 | (+)646481 | (-)25% |
| നികുതിയേതര വരവുകൾ | 501655 | 880275 | (+)378620 | 75% |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | | | | |
| ആകെ | 3042362 | 2774501 | (-)267861 | (-)9% |

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ 9 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 636120 | 378 |
| കർഷകതൊഴിലാളി പെൻഷൻ | 6139650 | 805 |
| വിധവാപെൻഷൻ | 10790000 | 1101 |
| വാർദ്ധക്യകാലപെൻഷൻ | 7566600 | 1455 |
| വികലാംഗപെൻഷൻ | 3536750 | 359 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-10-2016. ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 47221 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 13-7-16-14-7-16 | ജൂൺ16 | A10/10014/12-8-16 | ---- |
| 2 | അക്കൗണ്ടൻറ് ജനറലിൻറ ഓഡിറ്റ് | 26-7-2010 | 2005-06 മുതൽ 2009-10വരെ | LBA(HQ)111/8A-1594/78 | --- |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ,ചേർക്കുന്നു.

1) സാംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേക്ക് മാറുന്ന തിയ്യതി വരെ സൃഷ്ടിച്ച മുഴുവൻ ആസ്തികളും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികളുടെ ഐ.ടി,വാറ്റ്,ക്ഷേമനിധി എന്നിവ അടവാക്കിയത് വാർഷിക ധനകാര്യ പത്രികയിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

ചെങ്ങോട്ട്കാവ് ഗ്രാമ പഞ്ചായത്ത് ഓഡിറ്റിനായി അയച്ചു തന്ന 2015-16 വാർഷിക കണക്കുകളിലെ ഇനങ്ങൾ അനുബന്ധ രജിസ്റ്ററുകളുമായി പരിശോധിച്ചതിൽ താഴെ പ്പറയുന്ന വ്യത്യാസം കാണുന്നു.വിശദാംശം ചുവടെ.

| ഇനം | എ സി ആർ പ്രകാരമുള്ള കണക്ക് | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| വികസന ഫണ്ട് ജനറൽ | 8003204 | 535405 |
| എസ് സി പി | 4580497 | 1139537 |
| ഫിനാൻസ് ഗ്രാന്റ് | 6177878 | 5132078 |
| എം ജി റോഡ് | 2731000 | 2378517 |

| | | |
|---|---|---|
| എം ജി നോൺ റോഡ് | 8329000 | 1674541 |

ടെണ്ടർ ഫോം വരവ്

| ടെണ്ടർ ഫോം രജിസ്റ്റർ പ്രകാരം വരവ് | വാർഷിക കണക്ക് പ്രകാരം വരവ് |
|---|---|
| 65160 | 42840 |

2.പ്രോപ്പർട്ടി ടാക്സ് ബാലൻസ് ഷീറ്റ് പ്രകാരം ബാലൻസായി വാർഷിക കണക്ക് പ്രകാരം നിൽക്കുന്ന തുക 404606 രൂപയാണ്.എന്നാൽ രജിസ്റ്റർ പ്രകാരം 476730 രൂപയാണ്.കളക്ഷൻ അക്കൗണ്ട് പ്രകാരം 1142154 രൂപയാണ്,എന്നാൽ രജിസ്റ്റർ പ്രകാരം 1312500/- രൂപയാണ്.ലൈബ്രറി സെസ്സ് അടവാക്കാനുള്ളത് രജിസ്റ്റർ പ്രകാരം 65625 രൂപയാണ് എന്നാൽ അക്കൗണ്ട് പ്രകാരം 56254 രൂപയാണ്.

3. തൊഴിൽ നികുതി രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല.

## 2-2 ക്യാൻസൽ ചെയ്ത രശീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

ഔട്ട് ഡോർ കളക്ഷൻ രസീതുകൾ പരിശോധനക്ക് വിധേയമാക്കിയപ്പോൾ താഴെ പ്പറയുന്ന രശീതുകൾ ക്യാൻസൽ ചെയ്തത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| രശീതി നമ്പർ | തുക |
|---|---|
| 28625/7 | 56 |
| 28625/68 | 1404 |

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 സാംഖ്യ രശീത് സ്റ്റോക്കിൽ വ്യത്യാസം

29-9-15 മുതൽ 6-10-16 വരെയുള്ള കാലയളവിലെ സാംഖ്യ രശീതുകളുടെ സ്റ്റോക്ക് പരിശോധനക്ക് വിധേയമാക്കിയപ്പോൾ താഴെ പറയും പ്രകാരമുള്ള വ്യത്യാസം കാണുന്നു.

മുന്നിരിപ്പ് - 1453

വരവ് - 12000

ആകെ - 13453

ഉപയോഗിച്ച രശീത് -5697

ക്യാൻസൽ ചെയ്ത രശീതുകൾ -241

ബാലൻസ് - 7515

സെക്രട്ടറിയുടെ പക്കൽ - 7625

വ്യത്യാസം - 110

നീക്കിയിരിപ്പിന്റെ വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 2-4 ഡി&ഒ ലൈസൻസ് അപേക്ഷയിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

ലൈസൻസ് ഫീ കൃത്യമായി നിർണ്ണയിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസി | സ്ഥാപനം | ഈടാക്കിയ ഫീസ് | അപാകത |
|---|---|---|---|

| | | | |
|---|---|---|---|
| പ്രസന്നൻ | വിഷ്ണു ഫർണ്ണീച്ചർ വർക്സ് | 100 | യന്ത്രസാമഗ്രികൾ ഉപയോഗിച്ച് പ്രവർത്തി നടത്തുന്നുണ്ടോ എന്ന കോളവും ആകെ വിറ്റുവരവിന്റെ കോളവും പൂരിപ്പിച്ചിട്ടില്ല. |
| ബാലൻ.വി.പി | വെളിച്ചെണ്ണ മിൽ | 200+50(ബിലേറ്റഡ് ഫീസ്) | 20 HP മോട്ടോർ സ്ഥാപിക്കുന്നതിനുള്ള ഫീസായ 200 രൂപ മാത്രമാണ് അടച്ചത്.വിറ്റുവരവിന്റെ കോളത്തിൽ 100 കിലോഗ്രാം വെളിച്ചെണ്ണ എന്നു മാത്രം കാണിച്ചിരിക്കുന്നു.വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഫീസ് നിർണ്ണയിച്ചിട്ടില്ല. |
| മണിലാൽ.കെ.പി | സ്റേറഷനറി | 50 | വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല |
| അഹമ്മദ്.കെ.പി | സ്റ്റോർ | 246 | വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല |

അപേക്ഷകൾ പൂർണ്ണരൂപത്തിൽ സ്വീകരിക്കാതിരുന്നതിന് വിശദീകരണം നല്കേണ്ടതാണ്.

## 2-5 കെട്ടിടനികുതി അടച്ചത് ഡിമാന്റ് രജിസ്റ്ററിൽ വന്നിട്ടില്ല.

1,2അർദ്ധവർഷങ്ങളിൽ 5238 രൂപ യഥാക്രമം 11503100589/30-5-15,11603102293/29-9-16 പ്രകാരം അടക്കുകയുണ്ടായി.എന്നാൽ അടവു തുക ഡിമാന്റ് രജിസ്റ്ററിൽ വന്നതായി കാണുന്നില്ല.

അടവുതുക ഡിമാന്റ് രജിസ്റ്ററിൽ വരാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന എൻക്വയറിക്ക് ൈഎകെഎം സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട തകരാർ മൂലമെന്ന മറുപടിയാണ് ലഭിച്ചത്.ആയത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

## 2-6 കെട്ടിടനിർമ്മാണപെർമിറ്റ് :രജിസ്റ്ററിൽ വിവരങ്ങൾ ചേർത്തിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 11 പ്രകാരം അപേക്ഷകൾ സെക്രട്ടറി നിലവിലെ ചട്ടങ്ങൾക്ക് വിധേയമാണോ എന്ന് പരിശോധിച്ച് സൈറ്റും സൈറ്റ് പ്ലാനും അംഗീകരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.കൂടാതെ സെക്രട്ടറി അനുവാദം നൽകിയിട്ടുള്ള പെർമിറ്റ് അനുവദിച്ച തിയ്യതി മുതൽ 3 വർഷത്തേക്കുള്ളതും ആയതിനു ശേഷം കെട്ടിടനിർമ്മാണം പെർമിറ്റ് ഫീസിന്റെ 10 ശതമാനം കൂടി അടച്ചതിനു ശേഷം അപേക്ഷിക്കാവുന്നതാണെന്ന് ചട്ടം 17,17(3) വ്യവസ്ഥ ചെയ്യുന്നു.എന്നാൽ 2012-13 സാമ്പത്തിക വർഷത്തിൽ രജിസ്റ്റർ പ്രകാരം 489 അപേക്ഷകൾ ലഭിച്ചതായി രജിസ്ററർ പ്രകാരം കാണുന്നുണ്ടെങ്കിലും പെർമിറ്റ് നൽകിയതിനു ശേഷമുള്ള പൂർത്തീകരണതിയ്യതി,വ്യതിയാനം,കെട്ടിടനികുതി നമ്പർ,അസസ്സ്മെന്റ് നമ്പർ,നിരസിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരം എന്നില ചേർക്കാതിരുന്നതിനാൽ മുഴുവൻ കെട്ടിടങ്ങളും ഡിമാന്റ് ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ ചേർക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്

## 2-7 തൊഴിൽ നികുതി ചട്ടപ്രകാരം പിരിച്ചെടുത്തിട്ടില്ല

ഓഡിറ്റ് വർഷം ഇസ്ലാഹിയ ആർട്സ് &സയൻസ് കോളേജിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്തതിൽ താഴെ പ്പറയും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1. ഇസ്ലാഹിയ ആർട്സ് &സയൻസ് സമർപ്പിച്ച റിട്ടേണിൽ കോളേജിൽ പ്രിൻസിപ്പൽ, രണ്ട് അസോസിയേറ്റ് പ്രൊഫസർമാർ ,10 അസിസ്റ്റന്റ് പ്രൊഫസർമാർ,1 വൈസ് പ്രിൻസിപ്പൽ,6 തസ്തിക രേഖപ്പെടുത്താത്ത ജീവനക്കാർ അടക്കം 20 ജീവനക്കാർ ഉണ്ട്. 1996 ലെ കേ.പ.രാജ് തൊഴിൽ നികുതി ചട്ടം 16 ഉപചട്ടം 1 പ്രകാരം

തൊഴിലുടമയോട് ജോലിയിലുള്ള മുഴുവൻ ആളുകളുടെയും ആകെ വരുമാനം സംബന്ധിച്ച വിവരങ്ങൾ 1-)ം നമ്പർ ഫോറത്തിൽ ആവശ്യപ്പെട്ട് തൊഴിലുടമ 11-)ം നമ്പർ ഫോറത്തിൽ ലഭ്യമാക്കിയതിന് ശേഷം മാത്രം നികുതി നിർണ്ണയം ആരംഭിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഇസ്ലാഹിയ ആർട്സ് &സയൻസ് പ്രിൻസിപ്പൽ സമർപ്പിച്ച റിട്ടേണിൽ തൊഴിലുടമ ഉൾപ്പടെയുള്ള ജീവനക്കാരുടെ അടിസ്ഥാന ശമ്പളം,ക്ഷാമബത്ത, ഉത്സവബത്ത എന്നിവ ചേർക്കാതെ 1-ാം അർദ്ധ വർഷം 12950/- രൂപ, 2-ാം അർദ്ധവർഷത്തിൽ 12650 രൂപയുടെ തൊഴിൽ നികുതി ചട്ടപ്രകാരമല്ലാത്ത ഫോറത്തിൽ നൽകിയതായാണ് കാണുന്നത്.

## 2-8 വാടകകെട്ടിട കൈവശക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിച്ചില്ല

കേ പ രാജ് ആക്ട് സെക്ഷൻ 205(ബി) പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമസ്ഥനോടോ,നടത്തിപ്പുകാരനോടോ ,അവരുടെ ജീവനക്കാരിൽ നിന്നോ തൊഴിൽ നികുതി 16-)ം ചട്ടം 1-)ം ഉപചട്ടം പ്രകാരം നോട്ടീസ് അയച്ച് ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.എന്നാൽ 2015-16 സാമ്പത്തിക വർഷത്തിൽ കെട്ടിട നികുതി അസസ്മെന്റ് രജിസ്റ്ററിൽ 28 ഗാർഹികേതര കെട്ടിടങ്ങൾ കച്ചവട ആവശ്യത്തിനായി നിർമ്മിച്ചതായി കാണുന്നുവെങ്കിലും പ്രസ്തുത കെട്ടിടങ്ങളിലെ ഉടമസ്ഥർക്ക 1996 ലെ കേ പ രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ 16-)ം ചട്ടം 1-)ം ഉപചട്ടം പ്രകാരം വിവരങ്ങൾ ആവശ്യപ്പെട്ട് നോട്ടീസ് അയച്ചിട്ടില്ല.

നിയമപ്രകാരം നോട്ടീസ് അയച്ച് തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-9 ബിസിനസ്സുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നത് കാര്യക്ഷമമല്ല

ഓഡിറ്റ് വർഷത്തിൽ 244 സ്ഥാപനങ്ങളിൽ നിന്നുമായി 41150 രൂപ വരവുണ്ട്. രജിസ്റ്റർ പരിശോധനയിൽ 197 സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. ബാക്കി 47 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു.പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-10 കെട്ടിടനിർമ്മാണ സാമഗ്രികളുടെ ലേലം :പഞ്ചായത്ത് തീരുമാനം നടപ്പാക്കിയില്ല

മാടാക്കര ജി.എൽ.പി.സ്കൂളിൽ സൂക്ഷിച്ച കെട്ടിടനിർമ്മാണസാമഗ്രികൾ ലേലത്തിൽ വിറ്റ് തുക തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനു വേണ്ടി ഹെഡ്മാസ്റ്ററെ 106/15-12/5-8-15 പ്രകാരം ചുമതലപ്പെടുത്തി.പ്രസ്തുത സാമഗ്രികളുടെ വില 22996 രൂപയായി അസിസ്റ്റന്റ് എഞ്ചിനീയർ നിശ്ചയിച്ചെങ്കിലും പഞ്ചായത്ത് തീരുമാനപ്രകാരം ലേലം നടത്തി തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുവാനുള്ള നടപടി സ്വീകരിച്ചിച്ചില്ല.

പഞ്ചായത്ത് തീരുമാനം നടപ്പാക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നടപ്പാത കോൺക്രീറ്റിന് ആവശ്യകതയിൽ കൂടുതൽ ചെലവ്

നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് – 173/16 ചെങ്ങോട്ടുകാവ് സ്കൂൾ ഫുട്പാത്ത്

അടങ്കൽ – മെയിന്റനൻസ് ഗ്രാന്റ് 95000

തനത് ഫണ്ട് – 105000

ടിഎസ് – AEE/PBP/323/14-15/11.3.15 200000

എഗ്രീമെന്റ് – AE/10/16 23.5.15

ചെലവ് – 95000

ബിൽ നമ്പർ - 35/15-16 15.1.16

104572 DD No. 785825/23.2.16 Vr. No. 65/16

നിലവിൽ കരിങ്കല്ല് പേവിംഗുള്ള ചെങ്ങോട്ടുകാവ് സ്കൂൾ ഫുട്പാത്തിന് വെള്ളക്കെട്ട് കൊണ്ടുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ മൂന്ന് പൈപ്പ് ഡ്രെയിനേജ് നല്കി കോൺക്രീറ്റ് ചെയ്യാനാണ് പദ്ധതി ലക്ഷ്യമിട്ടത്.

ഐആർസി സ്പെസിഫിക്കേഷൻ പ്രകാരം വെള്ളക്കെട്ടൊഴിവാക്കാൻ എംബാങ്ക്മെന്റ് ഉയർത്തൽ പോലുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് പകരം കോൺക്രീറ്റ് ചെയ്തതിന്റെ ആധികാരികത വ്യക്തമാക്കേണ്ടതാണ്.

പ്രവൃത്തി ചെയ്തപ്പോൾ ആവശ്യകതയിൽ കൂടുതൽ സിമന്റ് കോൺക്രീറ്റ് ചെയ്തതായി കാണുന്നു. ടാർ ചെയ്യുന്ന റോഡിൽ IRC സ്പെസിഫിക്കേഷൻ പ്രകാരം സോളിംഗ് (അമർത്തിയത്) 7.5cm ഉം മെറ്റലിംഗ് (അമർത്തിയത്) 7.5cm ഉം അതിനുമുകളിൽ ടാറിംഗ് 2.5cmഉം കനത്തിൽ ആകെ 17.5cm ആണ് റോഡിന്റെ കനം. ഭാരമേറിയ വാഹനങ്ങൾക്കുപോലും കടന്നുപോകാൻ തക്ക ഉറപ്പുള്ള റോഡ് എന്നിരിക്കെ ഭാരവാഹനങ്ങൾ കയറിപ്പോകാത്ത പരമാവധി 2.40 മീറ്റർ മാത്രം വീതിയുള്ള ഫുട്പാത്തിൽ നിലവിലുള്ള കരിങ്കല്ല് പേവിംഗിനു മുകളിൽ 1:4:8 അനുപാതത്തിൽ 40mmമെറ്റൽ ഉപയോഗിച്ചും അതിനുമുകളിൽ 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ചും 10cm കനത്തിൽ വീതം കോൺക്രീറ്റ് ചെയ്തിട്ടുള്ളത് അനാവശ്യ അധിക ചെലവിന് കാരണമായിട്ടുണ്ട്. നിലവിലുള്ള കരിങ്കൽ പേവിങ്ങിനു മുകളിൽ 1:4:8 അനുപാതത്തിൽ 40mmമെറ്റൽ ഉപയോഗിച്ച് 7.5cm കനത്തിലും അതിനുമുകളിൽ 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് 5cmകനത്തിലും പരിമിതപ്പെടുത്തി കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്യാവുന്നതായിരുന്നു.

1:4:8 സിസി ചെയ്തത് 14.56m3 (10 cm കനത്തിൽ)

നല്കിയ തുക 14.56 x 5633/m3 82016.00

7.5cm കനത്തിൽ ചെയ്തിരുന്നെങ്കിൽ അളവ് 10.92m3

നല്കേണ്ടിയിരുന്ന തുക 10.92 x 5633 = 61512

അധികം നല്കിയത് 20504

1:2:4 സിസി ചെയ്തത് 14.56m3 (10 cm കനത്തിൽ) നല്കിയ തുക 14.56 x 78/10dm3 113568.00

5 cm കനത്തിൽ ചെയ്തിരുന്നെങ്കിൽ അളവ് 7.28m3

നല്കേണ്ടിയിരുന്ന തുക 7.28 x 78/ 10dm3 = 56784

അധികം നല്കിയത് 56784

ആകെ അധികം 77288/-

മേൽ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചതിന് നൽകിയ മറുപടിയിൽ സമീപവാസികളും ഉപയോഗിക്കുന്ന, സ്കൂളിലേക്കുള്ള പ്രധാനവഴിയാണെന്നും . കൂർത്ത കല്ലുകൾ ഉയർന്നു നില്ക്കുന്നതിനാൽ മണ്ണിട്ടുയർത്തൽ പറ്റില്ല എന്നും അറിയിച്ചു. 1.63 മീറ്റർ, 1.98 മീറ്റർ മാത്രം വീതിയുള്ള വഴിയായതിനാൽ അമർത്തലിനായി റോഡ് റോളർ ഉപയോഗിക്കാൻ സാധ്യമല്ല എന്നും അറിയിച്ചു. വീതി കുറവാണെന്ന് എഞ്ചിനീയർ തന്നെ അറിയിച്ചതിനാൽ ഭാരവാഹനങ്ങൾ കയറിപ്പോകാത്ത വഴിയാണെന്നു വ്യക്തമാണ്. ആയതു കൊണ്ടു തന്നെ മേൽപ്പറഞ്ഞ തരം കനത്തിലുള്ള കോൺക്രീറ്റിംഗ് അനാവശ്യ ചെലവാണ്.

അധികം ചെലവഴിച്ച 77288/- രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 സബ്സിഡി മാർഗ്ഗരേഖയ്ക്കും അന്വേഷണ റിപ്പോർട്ടുകൾക്കും വിരുദ്ധമായി ഭവന പുനരുദ്ധാരണത്തിന് സബ്സിഡി നൽകി

നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി

പട്ടിക ജാതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് അഡ്വാൻസ് കഴിച്ചുള്ള 12500/- രൂപ വീതം ധനസഹായം അനുവദിക്കുന്നതിനായി ഒരു സ്പിൽ ഓവർ പ്രോജക്ടും 25,000/-രൂപ വീതം ധനസഹായം അനുവദിക്കുന്നതിനായി ഒരു പുതിയ പ്രോജക്ടും പഞ്ചായത്ത് നടപ്പാക്കിയിട്ടുണ്ട്. ആയതിൽ അപാകതകളുള്ളതായും ചില ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയത് പദ്ധതി മാർഗ്ഗ രേഖ ലംഘിച്ചാണെന്നും കാണുന്നു. വിശദ വിവരം താഴെ പറയുന്നു.

പ്രോജക്ട് നം -188/16 ഭവനപുനരുദ്ധാരണം സ്പിൽ ഓവർ

അടങ്കൽ – 137500

ചെലവ് തുക - 137500(വി.ഫണ്ട് SCP)

ബിൽ നമ്പർ – 1/15-16/30.6.15 12500

2/15-16/30.6.15 100000

5/15-16/12.8.15 12500

6/15-16/15.9.15 12500

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | മുൻവർഷം നൽകിയ അഡ്വാൻസ് കഴിച്ച് ശേഷിച്ച തുക നല്കിയത് | അപാകത |
|---|---|---|---|
| 1 | ശ്യാമളാ പ്രകാശ് ഇല്ലത്ത് മീത്തൽ | 12500 | വീടിന് എട്ടു വർഷത്തിൽ കൂടുതൽ കാലപ്പഴക്കമില്ല എന്നതിന് രേഖകളില്ല. എഞ്ചിനീയർ വിശദമായി അളവെടുത്തിട്ടില്ല. വി.ഇ.ഒ.യുടെ റിപ്പോർട്ടു പ്രകാരം 2010-11ൽ വീട്ടു റിപ്പയറിന് ധനസഹായം നൽകിയതായി പറയുന്നു |
| 2 | തങ്കമണി കല്ലുവെട്ടുകുഴിയിൽ | 12500 | വി.ഇ.ഒ.യുടെ റിപ്പോർട്ടു പ്രകാരം 2008-09ൽ വീട്ടു റിപ്പയറിന് ധനസഹായം നൽകിയതായും പുതിയ ധനസഹായത്തിനായി അർഹരല്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയെങ്കിലും തുക നല്കാൻ സെക്രട്ടറി ഫയൽ നോട്ടിൽ നിർദ്ദേശിച്ചു. വിശദമായ വാല്വേഷനില്ല. |
| 3 | മാധവി കാനത്തിൽകുനി | 12500 | വി.ഇ.ഒ.യുടെ റിപ്പോർട്ടു പ്രകാരം 2008-09ൽ വീട്ടു റിപ്പയറിന് ധനസഹായം നൽകി. വീടിന്റെ കാലപ്പഴക്കം സംബന്ധിച്ച റിപ്പോർട്ടില്ല വിശദമായ വാല്വേഷനില്ല. |
| 4 | അശോകൻ കല്ലുവെട്ടുകുഴിയിൽ | 12500 | സഞ്ചയ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന് 7 വർഷം മാത്രം പഴക്കം. വിശദമായ വാല്വേഷനില്ല. |
| 5 | രാജേഷ് എൽ.വി കൊട്ടിയോട്ടിൽ | 12500 | സഞ്ചയ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന് 2 വർഷം മാത്രം പഴക്കം. വിശദമായ വാല്വേഷനില്ല. |
| 6 | ശ്രീജ കുട്ടികൃഷ്ണൻ ഇയ്യപ്പോയിൽ | 12500 | സഞ്ചയ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന് 1 വർഷം മാത്രം പഴക്കം. വിശദമായ വാല്വേഷനില്ല. |
| 7 | ബാബു പറപ്പിൽകുനി | 12500 | സഞ്ചയ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന് 5 വർഷം മാത്രം പഴക്കം. വിശദമായ വാല്വേഷനില്ല. വി.ഇ.ഒ.യുടെ റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | പ്രകാരം വീടിനുള്ള ധനസഹായം വാങ്ങി 8 വർഷമായിട്ടില്ല. |
| | | 87500 | |

പ്രൊജക്ട് നം. 18/16 ഭവനപുനരുദ്ധാരണം

അടങ്കൽ : 6,00,000/-രൂപ(വി.ഫണ്ട് SCP)

ചെലവു തുക : 3,25,000/-രൂപ

ബിൽ നം. 10/15-16 15.2.16 25000

11/15-16 15.2.16 37500

12/15-16 15.2.16 37500

13/15-16 19.2.16 37500

14/15-16 1.3.16 12500

15/15-16 19.3.16 37500

25/15-16 22.3.16 62500

28/15-16 30.3.16 37500

31/15-16 31.3.16 37500

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | മുൻ വർഷം നൽകിയ അഡ്വാൻസ് കഴിച്ച് ശേഷിച്ച തുക നല്കിയത് | അപാകത |
|---|---|---|---|
| 1 | രാഘവൻ പി.കെ പിലാക്കാട്ടുതാഴെക്കുനി | 12500 | റേഷൻ കാർഡ് പ്രകാരം മകൻ ഗവ.ജീവനക്കാരനായതിനാൽ മാർഗ്ഗരേഖ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ കൂടാതെ അഡ്വാൻസ് കൈപ്പറ്റി നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. |
| 2 | തെയ്യത്തിര വഴുമന | 25000 | സഞ്ചയ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന് 2 വർഷം മാത്രം പഴക്കം. വിശദമായ വാല്വേഷനില്ല |
| 3 | ലീല ഒ.കെ ഒരുവക്കുന്നുമ്മൽ | 25000 | സഞ്ചയ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന് 7 വർഷം മാത്രം പഴക്കം. വിശദമായ വാല്വേഷനില്ല |
| 4 | അനിൽകുമാർ.എ.പി അരുണാടത്ത് പോയിൽ | 12500 | സഞ്ചയ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന് 5 വർഷം മാത്രം പഴക്കം. അഡ്വാൻസ് കൈപ്പറ്റി നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. |
| 5 | ഗോപാലൻ എൽ എച്ച് | 25000 | സഞ്ചയ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന് 6 |

| | | | |
|---|---|---|---|
| | ആയങ്കോട്ടുവയലിൽ | | വർഷം മാത്രം പഴക്കം. വിശദമായ വാല്യേഷനില്ല |
| 6 | രാധ പുളിയേരി താഴെ | 25000 | വീട്ടു റിപ്പയറിന് 2011-12 ൽ ധനസഹായം നൽകിയതായി വിഇഓ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | | 125000 | |

ജി.ഒ.(എം.എസ്.)362/2013/ത.സ്വ.ഭ.വ./16.11.2013 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയനുസരിച്ച് വരുമാന പരിധി 50,000/-രൂപക്കു വിധേയമായി ബി.പി.എൽ.ലിസ്റ്റിൽപെട്ടവരോ അല്ലാത്തവരോ ആയവർക്കു മാത്രമേ ഭവനപുനരുദ്ധാരണത്തിന് ധനസഹായത്തിന് അർഹതയുള്ളൂ. പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷം കഴിഞ്ഞവർക്ക് മാത്രമേ ഭവനപുനരുദ്ധാരണത്തിനായി ധനസഹായത്തിന് അർഹതയുള്ളൂ. പുനരുദ്ധാരണം/ അറ്റകുറ്റപണി അനിവാര്യമായിരിക്കണം. സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെ മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആകെ അനർഹമായി നല്കിയ 212500/- രൂപ ഉത്തരവാദിയായവരിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്.

## 3-3 ഭവനപൂർത്തീകരണത്തിന് അധികം തുക നല്കി

പ്രോജക്ട് -27/16 ഭവന പൂർത്തീകരണം (എസ്.സി)

നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 300000 വികസന ഫണ്ട് എസ്.സി.പി

ചെലവ് – 67500 23/15-16/22.3.16

60000 30/15-16/30.3.16

127500

ഭവന നിർമ്മാണത്തിനായി ആദ്യ ഗഡുക്കൾ കൈപ്പറ്റി പ്രവൃത്തി നിന്നു പോയ ഗുണഭോക്താക്കൾക്ക് എൽ എസ് ജി ഡി എഞ്ചിനീയറുടെ പരിശോധന അടിസ്ഥാനമാക്കി നിലവിലുള്ള ധനസഹായ നിരക്കിന് ആനുപാതികമായി ഓരോ ഘട്ടങ്ങളിലെയും പൂർത്തീകരണത്തിന് അനുസൃതമായി അധിക ധനസഹായം നല്കി വീട്ടു നിർമ്മാണം പൂർത്തിയാക്കുക എന്നതാണ് പ്രോജക്ട് ലക്ഷ്യം.

ആയതിന്റെ ഭാഗമായി ശ്രീ. മധുസൂദനൻ തലപ്പിനിയാറ്റിൽ എന്ന ഗുണഭോക്താവിന് ധനസഹായം നല്കി. 75000 രൂപ ധനസഹായം നിലവിലുള്ളപ്പോഴുള്ള ഗുണഭോക്താവായ മധുസൂദനൻ താഴെ പറയുന്ന രീതിയിൽ ധനസഹായം മുൻവർഷങ്ങളിൽ കൈപ്പറ്റിയിട്ടുണ്ട്.

| | | |
|---|---|---|
| ആദ്യ ഗഡു 20% | 15000 | തറ നിർമ്മാണം പൂർത്തീകരിച്ച |
| രണ്ടാം ഗഡു 20% | 15000 | ചുവരുയരം പൂർത്തീകരിച്ച |
| മൂന്നാം ഗഡു 30% | 22500 | മേൽക്കൂര പൂർത്തീകരിച്ച |

മേൽക്കൂര വരെ പൂർത്തീകരിച്ച മേൽ ഗുണഭോക്താവ് 70% തുക ധനഹായമായി കൈപ്പറ്റി കഴിഞ്ഞിരുന്നു. പുതിയ ധനഹായം ബാക്കിയുള്ള 30% തുകയ്ക്ക് ആനുപാതികമായി നല്കുന്നതിന് പകരം താഴെ പറയുന്ന രീതിയിലാണ് തുക നല്കിയത്.

| | |
|---|---|
| മേൽക്കൂര പൂർത്തിയാക്കിയതിന് പഴയ ധനസഹായ തുക മൂന്നാം ഗഡു 30% നൽകിയത് | 22500 |
| പുതിയ ധനസഹായമായ 300000 രൂപയിൽ മേൽപ്പറഞ്ഞ 30% തുക | 90000 |
| ബാക്കി തുക | 67500 |

നാലാം ഗഡു 20% 60000 രൂപയും ഗുണഭോക്താവിന് നല്കിയിട്ടുണ്ട്.

ഇനി പൂർത്തിയാക്കുവാനുള്ള ഇനങ്ങൾക്കുള്ള തുക നല്കുന്നതിന് പകരം മുൻപ് പൂർത്തിയാക്കി കൈപ്പറ്റിയ തുകയ്ക്ക് പുതിയ ധനസഹായത്തിനാനുപാതികമായ ബാക്കി തുക നല്കിയ നടപടി ക്രമപ്രകാരമല്ല. ഇത്തരത്തിൽ നല്കിയതു വഴി 67500 രൂപ പഞ്ചായത്തിന് നഷ്ടമായി. 67500 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായവരിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണ്.

## 3-4 തുല്യതാ പഠനം:സബ്സിഡി മാർഗ്ഗരേഖ മറികടന്ന് പഠനോപകരണങ്ങൾ വാങ്ങി നൽകി

നിർവ്വഹണോദ്യോഗസ്ഥൻ: ഹെഡ് മാസ്റ്റർ

പ്രൊജക്റ്റ് നമ്പർ:56 /2016

ഫണ്ട്: വികസന ഫണ്ട്

ബിൽ,തുക:7/11-03-2016, 52,000/-

ഫണ്ട്:ധനകാര്യ കമ്മീഷൻ അവാർഡ്

ബിൽ,തുക:9/11-03-2016, 3,000/-

ഫണ്ട്: തനതുഫണ്ട്

ഡി.ഡി.നം.,തുക: 786394/14-03-2016, 2250/-

തുടർ സാക്ഷരതാ പരിപാടിയുടെ ഭാഗമായി 10,+1തുല്യതാ പഠിതാക്കൾക്ക് കോഴ്സ്ഫീ,പഠനോപകരണങ്ങൾ എന്നിവയ്ക്കായി 57250/-രൂപ ചെലവഴിച്ചിട്ടുണ്ട്.10,+1കോഴ്സ് ഫീ ആയി 37250/-രൂപയും പഠനോപകരണങ്ങൾ വാങ്ങുന്നതിനായി 10000/-രൂപയുമാണ് ചെലവഴിച്ചത്. സ.ഉ. (എം.എസ്) 362/2013/ത.സ്വ.ഭ.വ തിയ്യതി.16-11-2013 നമ്പർ പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് തുടർ സാക്ഷരതാ പരിപാടിയുടെ ഭാഗമായി കോഴ്സ്ഫീ അടവാക്കാം.എന്നാൽ പഠനോപകരണങ്ങൾക്ക് തുക ചെലവഴിക്കാൻ പാടില്ല.പഠനോപകരണങ്ങൾക്ക് തുക ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ:

| ഇനം | നിരക്ക് | എണ്ണം | തുക |
|---|---|---|---|
| നോട്ട് ബുക്ക് | 30/- | 250 | 7500 |
| പെൻ | 5/- | 200 | 1000 |
| ഇൻസ്ട്രമെന്റ് ബോക്സ് | 60/- | 20 | 1200 |
| പെൻസിൽ | 15/- | 2പേക്ക് | 30 |
| പേപ്പർ | 180/- | 2ബൻഡിൽ | 360 |

| | |
|---|---|
| ആകെ | 10090<br>(10000/-രൂപയിൽ പരിമിതപ്പെടുത്തി) |

സബ്സിഡി മാർഗ്ഗരേഖയിൽ നോട്ട്ബുക്കുകൾക്ക് സബ്സിഡി നൽകരുതെന്ന് പ്രത്യേകം പറയുന്നുണ്ട്.

സബ്സിഡി മാർഗ്ഗരേഖ മറികടന്ന് ചെലവഴിച്ച 10000/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-5 കരാർ ലംഘനം നടത്തി - പിഴ ഈടാക്കിയില്ല

പ്രോജക്ട് - സ്ട്രീറ്റ് ലൈൻ എഎംസി വയ്ക്കൽ 115/16

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ -ധനകാര്യ കമ്മീഷൻ ഗ്രാന്റ്

എഗ്രീമെന്റ്

കരാറുകാരൻ സന്തോഷ് വി.വി

പഞ്ചായത്തിനുള്ളിലെ തെരുവു വിളക്കുകൾ തടസ്സമില്ലാതെ കത്തുന്നതിനാണ് മേൽ പ്രോജക്ട് പ്രകാരം (പഴയ പ്രോജക്ട് 8/15) എഎംസി വച്ചത്. കെഎസ്ഇബി ഇലക്ട്രിക്കൽ സെക്ഷൻ (കൊയിലാണ്ടി സൗത്ത്) നല്കിയ റിപ്പോർട്ട് പ്രകാരം 30 സോഡിയം വേപ്പർ ലാമ്പുകൾ(250w) 27 സോഡിയം വേപ്പർ ലാമ്പുകൾ(150w) 65 ഡബിൾ ട്യൂബ് സെറ്റ് 338 സിംഗിൾ ട്യൂബ് സെറ്റ് 147 സിഎഫ്എൽ സെറ്റ് 115 സാധാരണ ബൾബ് എന്നിങ്ങനെ 722ഇനം തെരുവു വിളക്കുകളാണ് പഞ്ചായത്തിലുള്ളത്. ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത (453590/-) സന്തോഷ് വി .വിയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും (23.10.14 ലെ 204/14 നം.തീരുമാനം) 21.11.14 ന് കരാർ വയ്ക്കുകയും ചെയ്തു. കരാർ പ്രകാരം പ്രവൃത്തിയുടെ കാലാവധി കരാർ പ്രാബല്യ തിയ്യതി മുതൽ ഒരു വർഷത്തേക്കാണ്. (A4-08/14 /2.12.14നം കത്തു പ്രകാരം 1.12.14 മുതൽ 30.11.15വരെയുള്ള കാലയളവിലേക്ക് പ്രവർത്തനാനുമതി നല്കി) കരാറിലെ ആറാം നിബന്ധന പ്രകാരം വഴി വിളക്കുകൾ പ്രകാശിക്കാത്തത് സംബന്ധിച്ച പരാതികളിൻമേൽ നാലു ദിവസത്തിനുള്ളിൽ പരാതി പരിഹരിച്ച് പഞ്ചായത്തിനെ അറിയിക്കേണ്ടതാണ്. നാലു ദിവസത്തിനുള്ളിൽ പരാതികൾ പരിഹരിച്ച് തെരുവു വിളക്കുകൾ പ്രകാശിപ്പിക്കാത്ത പക്ഷം ഏതുതരം വിളക്കാണോ ആയതിന്റെ പത്തു ശതമാനം തുകയും പത്തു ദിവസത്തിനുള്ളിൽ പരിഹരിക്കാത്ത പക്ഷം 12% തുകയും പിഴ ചുമത്തുന്നതാണെന്നു പറയുന്നു.

ഓരോ തരം വിളക്കിനും താഴെ പറയുന്ന രീതിയിലാണ് നിരക്ക് കണക്കാക്കിയത്.

| | | |
|---|---|---|
| 1 | സോഡിയം വേപ്പർ ലാമ്പുകൾ(250w) | 2600 |
| 2 | സോഡിയം വേപ്പർ ലാമ്പുകൾ(150w) | 2200 |
| 3 | സിഎഫ്എൽ 2 x 11w | 480 |
| 4 | സിഎഫ്എൽ 1 x 60w | 490 |
| 5 | 1 x 40 ട്യൂബ് സെറ്റ് | 460 |
| 6 | 2 x 40 ട്യൂബ് സെറ്റ് | 520 |
| 7 | 2 x 36 CFL | 600 |

26.2.15 ലെ 36/15നം തീരുമാനത്തിൽ താഴെ പറയുന്ന അപാകതകൾ കരാറുകാരന്റെ ഭാഗത്തു നിന്നും ഉണ്ടായതായി പഞ്ചായത്ത് വിലയിരുത്തി.

- റിപ്പയറിനായി അഴിച്ചെടുക്കുന്ന ഉപകരണങ്ങൾ അതത് സ്ഥാനത്ത് സ്ഥാപിക്കുന്നില്ല
- ബൾബ്, ട്യൂബ് എന്നിവയല്ലാതെ മറ്റൊരു ഉപകരണവും മാറ്റുന്നില്ല
- പരാതി രജിസ്റ്ററിൽ എഴുതിയ പ്രകാരം പരാതി പരിഹരിക്കുന്നതിന് നടപടിയില്ല
- സോഡിയം വേപ്പർ ലാമ്പുകൾ തീരെ റിപ്പയർ ചെയ്യുന്നില്ല

ആയതിന്റെ അടിസ്ഥാനത്തിൽ 6.3.15 ലെ എ4/6133/15 കത്തു പ്രകാരം കാരണം കാണിക്കൽ നോട്ടീസ് അയച്ചു. പിന്നീട് 22.12.14 ന് മെറ്റീരിയൽ വാങ്ങാൻ ഒരു ലക്ഷം രൂപ അഡ്വാൻസിന് അപേക്ഷിക്കുകയാണ് കരാറുകാരൻ ചെയ്തത്. 27.7.15ലെ 378386 നം. ഡിഡി പ്രകാരം ഒരു ലക്ഷം രൂപ കരാറുകാരന് നല്കി. 8, 9, 10 മാസങ്ങളിലായി വാർഡ് മെമ്പർമാർ തങ്ങളുടെ വാർഡുകളിൽ ഓരോ തവണ റിപ്പയർ നടത്തിയതായി സാക്ഷ്യപത്രം നല്കി.

പരാതി രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. കരാർ കാലാവധിയുടെ ആദ്യ മൂന്ന് മാസങ്ങളിൽ കരാർ ലംഘനമുണ്ടായതായി പഞ്ചായത്ത് ഭരണ സമിതി തന്നെ തീരുമാനമെടുത്തിട്ടും കരാർ ലംഘനത്തിനായി ഈടാക്കേണ്ട പിഴ സംഖ്യ ഈടാക്കിയിട്ടില്ല. കൂടാതെ കരാറുകാരന്റെ ക്വട്ടേഷനിൽ ഇലക്ട്രിസിറ്റി ബോർഡിൽ നിന്നുള്ള ലിസ്റ്റിലുൾപ്പെടാത്ത സിഎഫ്എൽ 1 x 60w, 2 x 36 CFL എന്നീയിനങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

അപാകതയുടെ അടിസ്ഥാനത്തിൽ 100000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-6 എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ:അപേക്ഷ,കൈപ്പറ്റ് രശീതി ഇല്ല

നിർവ്വഹണോദ്യോഗസ്ഥൻ: ഹെഡ് മാസ്റ്റർ

ഫണ്ട്: എസ്.സി.പി

പ്രൊജക്ട് നമ്പർ:58/2016

ബിൽ,തുക:18/28-03-2016, 119630/-

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുക എന്ന പ്രൊജക്ടിന്റെ ഭാഗമായി ആൺകുട്ടികളുടെ 16 സൈക്കിളും, പെൺകുട്ടികളുടെ 11സൈക്കിളും ആകെ 27സൈക്കിൾ വാങ്ങിയതിന് ഉദയ സൈക്കിൾമാർട്ട്,കൊണ്ടോട്ടി എന്ന സ്ഥാപനത്തിന് മേൽ ബിൽ പ്രകാരം പിൻവലിച്ച 119,630/-രൂപ ഡി.ഡി നമ്പർ 787448/31-03-2016 പ്രകാരം നൽകിയിട്ടുണ്ട്.എന്നാൽ ഇങ്ങനെ സൈക്കിൾ വിതരണം നടത്തുന്നതിന്റെ അടിസ്ഥാന രേഖകളായ ഗുണഭോക്താക്കളുടെ അപേക്ഷ,അർഹത തെളിയിക്കുന്ന മറ്റു അനുബന്ധ രേഖകൾ, ഗുണഭോക്താക്കൾ സൈക്കിൾ ഏറ്റുവാങ്ങിയതിന്റെ കൈപ്പറ്റ് രശീതി എന്നിവ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല.മേൽ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.മേൽ രേഖകളുടെ അഭാവത്താൽ ചെലവുതുക തടസ്സപ്പെടുത്തുന്നു

## 3-7 പദ്ധതി മാർഗ്ഗ രേഖയും ഫണ്ട് വിനിയോഗമാർഗ്ഗ രേഖയും മറികടന്ന് മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)ഉപയോഗിച്ച് പ്രിന്റിംഗ്

നിർവ്വഹണോദ്യോഗസ്ഥൻ: ഹെഡ് മാസ്റ്റർ

ഫണ്ട്: മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

പ്രൊജക്ട് നമ്പർ:124/2016

ബിൽ,തുക:15/28-03-2016, 20,000/-

വർക്ക് ഷോപ്പിലൂടെ രചനകൾ കണ്ടെത്തി അവ പ്രിന്റ് ചെയ്ത് ലാമിനേറ്റ് ചെയ്ത് സൂക്ഷിക്കുക എന്ന് വിഭാവനം ചെയ്താണ് "വിദ്യാലയങ്ങളിൽ 2,3,5ക്ളാസുകളിൽ വായനമൂല" എന്ന 124/2016 നമ്പർ പ്രൊജക്ട് തയ്യാറാക്കിയത്.ഇതിന്റെ ഭാഗമായി പ്രശാന്തി പൊയിൽകാവ് എന്ന സ്ഥാപനത്തിന് 20000/-രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് ഡി.ഡി നമ്പർ 787430/31-03-2016 ആയി നൽകിയിട്ടുണ്ട്.തുക നൽകിയതിന്റെ വിശദാംശം

ചുവടെ:

| | |
|---|---|
| ഡി.ടി.പി & പേജ് ഡിസൈൻ | 6200 |
| പ്രിന്റിംഗ് | 11200 |
| ലാമിനേഷൻ | 400 |
| ആകെ | 21400<br>20000ൽ പരിമിതപ്പെടുത്തി |

സ.ഉ.(എം.എസ്)362/2013/ത.സ്വ.ഭ.വ തിയ്യതി.16-11-2013 അനുസരിച്ച് സർഗ്ഗാത്മകശേഷി പോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എസ്.എസ്.എ പ്രൊജക്റ്റിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കേണ്ടത്.കൂടാതെ പ്രിന്റിംഗ് പ്രവർത്തികൾ ഏറ്റെടുക്കാനേ പാടില്ല.

സ.ഉ.(എം.എസ്)330/2004/ത.സ്വ.ഭ.വ തിയ്യതി.09-12-2004 മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)ഫണ്ട് വിനിയോഗ മാർഗ്ഗരേഖയും മറ്റ് അനുബന്ധ സർക്കാർ ഉത്തരവും അനുസരിച്ച് മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)ഉപയോഗിച്ച് അച്ചടി പ്രവൃത്തി ചെയ്യാൻ പാടില്ല.

പദ്ധതി മാർഗ്ഗരേഖയും ഫണ്ട് വിനിയോഗ മാർഗ്ഗരേഖയും മറികടന്ന് മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)ഉപയോഗിച്ച് ശില്പശാല ഉടങ്ങിയ പ്രവർത്തനങ്ങളും അച്ചടിയും നടത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-8 മേഖല വിഭജനം മറികടന്ന് തുക ചെലവഴിച്ചു

നിർവ്വഹണോദ്യോഗസ്ഥൻ: ഹെഡ് മാസ്റ്റർ

പ്രൊജക്റ്റ് നമ്പർ: 252/2016

ഫണ്ട്: വികസന ഫണ്ട്

ബിൽ,തുക:10/21-03-2016, 40,000/-

ഫണ്ട്: തനതുഫണ്ട് തുക: 10,000

എസ്.എസ്.എൽ.സി വിദ്യാർത്ഥികളുടെ വിജയ ശതമാനം ഉയർത്തുന്നതിനായി പഞ്ചായത്തിലെ ഏക ഹൈസ്കൂൾ ആയ എയ്ഡഡ് മേഖലയിലുള്ള പൊയിൽകാവ് ഹൈസ്കൂളിൽ വിജയോത്സവം പ്രൊജക്റ്റ് നടപ്പിലാക്കുന്നതിനായി മേൽ കാണിച്ചതിൻ പ്രകാരം 50,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.ഈ പ്രൊജക്റ്റ് നടപ്പാക്കിയതിന്റെ ചെലവിലേക്കായി ഡി.ഡി നമ്പർ 786760/21-03-2016 ആയി 40,000/-രൂപയും 78761/21-03-2016 ആയി 10,000/-രൂപയും പൊയിൽകാവ് ഹൈസ്കൂൾ ഹെഡ് മാസ്റ്റർക്ക് നൽകിയിട്ടുണ്ട്.തുക ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ:

| | |
|---|---|
| ഭക്ഷണചെലവ് | 40,000 |
| പശ്ചാത്തല സൗകര്യചെലവ് | 10,000 |

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മേഖലാ ചുമതലയിൽ പ്രീപ്രൈമറി-പ്രൈമറി സ്കൂളുകളുടെ നടത്തിപ്പ് മാത്രമാണുള്ളത്.ഹൈസ്കൂളുകളുടെ നടത്തിപ്പ് ജില്ലാപഞ്ചായത്തിന്റെ ചുമതലയാണ്. ജില്ലാപഞ്ചായത്ത് സമാനമായ പല പദ്ധതികളും ഏറ്റെടുക്കുന്നുമുണ്ട്. മേഖല വിഭജനം മറികടന്ന് തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

## 3-9 മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)ഫണ്ട് വകമാറ്റി ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജ്ജൻ

പദ്ധതി പേര്, നമ്പർ - ധാതുലവണ വിര മരുന്നു വിതരണം, 15/15-16

ബിൽ നംമ്പർ, തുക – 5/21-03-16, 16,500/-

ഫണ്ട് : മെയിന്റനെൻസ് ഗ്രാന്റ് (റോഡിതരം)

മേൽ പ്രൊജക്ട് പ്രകാരം ധാതുലവണ വിര മരുന്ന വിതരണത്തിനായി 50% സബ്സിഡി നൽകിയിട്ടുണ്ട്. വിര മരുന്നിന്റെ വിലയായ 500/-രൂപയിൽ 250/-രൂപ വെച്ച് 66ഗുണഭോക്താക്കൾക്ക് ആകെ 16500/-രൂപ മെയിന്റനെൻസ് ഗ്രാന്റ് (റോഡിതരം) ഉപയോഗിച്ച് സബ്സിഡി നൽകിയിട്ടുണ്ട്.സ.ഉ.(എം.എസ്)330/2004 /ത.സ്വ.ഭ.വ തിയ്യതി.09-12-2004 മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)ഫണ്ട് വിനിയോഗമാർഗ്ഗ രേഖയും മറ്റ് അനുബന്ധ സർക്കാർ ഉത്തരവും അനുസരിച്ച് മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)ഉപയോഗിച്ച് മരുന്ന് വിതരണത്തിന് സബ്സിഡി നൽകാൻ പാടില്ല.മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ആശുപത്രികളിൽ ഉപയോഗിക്കാനുള്ള മരുന്ന വാങ്ങാൻ മാത്രമേ അനുവാദമുള്ളൂ.

ഫണ്ട് വിനിയോഗമാർഗ്ഗ രേഖ മറികടന്ന് മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിച്ച് ധാതുലവണ വിരമരുന്ന വിതരണം നടത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. 16500/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-10 പദ്ധതി മാർഗ്ഗരേഖ മറികടന്ന് വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം

നിർവ്വഹണോദ്യോഗസ്ഥൻ: ഹെഡ് മാസ്റ്റർ

പ്രൊജക്ട് നമ്പർ: 197/2016

ഫണ്ട്: വികസന ഫണ്ട്

ബിൽ,തുക:14/28-03-2016, 30,000/-

ഫണ്ട്: തനതുഫണ്ട് തുക: 20,000

3,4 ക്ളാസ് വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിന് വിഭാവനം ചെയ്ത മേൽ പ്രൊജക്ട് നടപ്പിലാക്കുന്നതിനായി പഞ്ചായത്ത് 50,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.ഈ പ്രൊജക്ട് നടപ്പാക്കിയതിന്റെ ചെലവിലേക്കായി ഡി.ഡി നമ്പർ 787443/31-03-2016 ആയി 30,000/-രൂപയും 787442/31-03-2016 ആയി 20,000/-രൂപയും കപ്പണ ഹരിദാസ് എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്.തുക ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ:

<table>
<tr><td></td><td colspan="2">ഇനം</td><td>തുക</td></tr>
<tr><td>1</td><td colspan="2">നീന്തൽ കുളമൊരുക്കൽ(ചണ്ടി വാരൽ,ചളിയെടുക്കൽ)</td><td>20000</td></tr>
<tr><td rowspan="7">2</td><td colspan="2">നീന്തൽ ഉപകരണങ്ങൾ</td><td rowspan="7">10000</td></tr>
<tr><td>നീന്തൽ ഷോർട്സ്(ബോയ്സ്) (10 എണ്ണം130/-രൂപ നിരക്കിൽ)</td><td>1300</td></tr>
<tr><td>നീന്തൽ ക്യാപ് (10 എണ്ണം80/-രൂപ നിരക്കിൽ)</td><td>800</td></tr>
<tr><td>നീന്തൽ സ്യൂട്ട്(ഗേൾസ്)(10 എണ്ണം400/-രൂപ നിരക്കിൽ)</td><td>4000</td></tr>
<tr><td>നീന്തൽ ജാക്കറ്റ്(5 എണ്ണം300/-രൂപ നിരക്കിൽ)</td><td>1500</td></tr>
<tr><td>നീന്തൽ ട്യൂബ്(10 എണ്ണം120/-രൂപ നിരക്കിൽ)</td><td>1200</td></tr>
<tr><td>നീന്തൽ എൽബോ ട്യൂബ്(10 എണ്ണം120/-രൂപ നിരക്കിൽ)</td><td>1200</td></tr>
<tr><td rowspan="4">3</td><td colspan="2">ഭക്ഷണം</td><td rowspan="4">20000</td></tr>
<tr><td>7ലിറ്റർ പാൽ 40/-രൂപ നിരക്കിൽ 7 ദിവസം</td><td>1960</td></tr>
<tr><td>70കോഴിമുട്ട 350/-രൂപ നിരക്കിൽ 7 ദിവസം</td><td>2450</td></tr>
<tr><td>70പ്ളേറ്റ് ഇറച്ചിക്കറി,140 ചപ്പാത്തി 2240/-രൂപ നിരക്കിൽ 7 ദിവസം</td><td>15680</td></tr>
<tr><td></td><td colspan="2">ആകെ</td><td>50000</td></tr>
</table>

സ.ഉ.(എം.എസ്)362/2013/ത.സ്വ.ഭ.വ തിയ്യതി.16-11-2013 നമ്പർ പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് മേൽ പ്രൊജക്ട് സംബന്ധിച്ച അപാകതകൾ ചുവടെ കാണിക്കുന്നു:

1) കായിക വിനോദ പരിശീലന പരിപാടികൾ നടപ്പിലാക്കുമ്പോൾ, സംസ്ഥാന/ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടെയുള്ള ശാസ്ത്രീയ പരിശീലന പരിപാടികളാണ് ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കേണ്ടത്. എന്നാൽ പഞ്ചായത്ത്ഫണ്ട് മാത്രമുപയോഗിച്ചും പ്രാദേശികമായ സ്രോതസ്സുപയോഗിച്ചുമാണ്

പഞ്ചായത്ത് ഈ പ്രൊജക്ട് നടപ്പിൽ വരുത്തിയത്.

2) സ്വകാര്യ വ്യക്തിയുടെ വെള്ളക്കെട്ട് സ്ഥലത്ത് ചണ്ടി വാരി,ചളിയെടുത്ത് നീന്തൽ പരിശീലനത്തിന് ഉപയോഗയോഗ്യമാക്കുന്നതിനായി 20000/-രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത്ഫണ്ട് ഉപയോഗിച്ച് സ്വകാര്യ വ്യക്തിയുടെ ആസ്തി മൂല്യവർദ്ധനവ് വരുത്തുന്ന പ്രൊജക്ടുകൾ ഏറ്റെടുക്കാനേ പാടില്ല.

3) പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് പ്രത്യേകം അനുവദിക്കപ്പെട്ട വിഭാഗങ്ങൾക്ക് മാത്രമേ പോഷകാഹാര/ഭക്ഷണ വിതരണം നടത്താൻ പാടുള്ളൂ. കായിക വിനോദ പരിശീലന പരിപാടികൾക്ക് ഭക്ഷണ വിതരണം നടത്താൻ പദ്ധതി മാർഗ്ഗരേഖ അനുവദിക്കുന്നില്ല.

മേൽ അപാകതക കാരണം ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 3-11 മൊബിലൈസേഷൻ അഡ്വാൻസ് നൽകി നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല

പ്രോജക്ട് -മൂന്നുകുടിക്കൽ അംഗൻവാടി ഡ്രെയിനേജ് നിർമ്മാണം 84/16

അടങ്കൽ - വികസന ഫണ്ട് 160000

ധനകാര്യകമ്മീഷൻ ഗ്രാന്റ് – 210000

തനത് ഫണ്ട് – 30000

മെയിന്റനൻസ് ഗ്രാന്റ്(റോഡ്) 94000

494000

കൺവീനർ ഇസ്മായിൽ.എം.കെ

എഗ്രിമെന്റ് AE/42(a)/16 /1.10.15

ചെലവ് 100000 bill 54/16 30.1.16

മൂന്നുകുടിക്കൽ അംഗൻവാടിക്കു സമീപം മഴക്കാലത്ത് വെള്ളക്കെട്ടു മൂലമുള്ള ബുദ്ധിമുട്ടുള്ളതിനാൽ ആയത് ഒഴിവാക്കുന്നതിനു വേണ്ടി ഡ്രെയിനേജ് നിർമ്മിക്കുന്നതിനാണ് മേൽ പ്രോജക്ട് ലക്ഷ്യമിട്ടത്.

ആയതിനായി ശ്രീ.ഇസ്മായിൽ.എം.കെ കൺവീനറായും ഫിൽസർ.എം.കെ ചെയർമാനായും ഗുണഭോക്തൃ കമ്മറ്റി രൂപീകരിച്ചു. പ്രവൃത്തി ആരംഭിക്കുന്നതിനു മുന്നോടിയായി 100000 രൂപ മൊബിലൈസേഷൻ അഡ്വാൻസ് ആയി കൺവീനർ കൈപ്പറ്റി. (ഡിഡി നം. 78523/30.1.16) എന്നാൽ ഓഡിറ്റ് പരിശോധന നടക്കുന്ന 2016 നവംബർ മാസത്തിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. എഗ്രിമെന്റ് വച്ച് ഒരു വർഷത്തിൽ കൂടുതലായിട്ടും പ്രവൃത്തി ആരംഭിക്കാത്ത കരാറുകാരനെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് , പല തവണ ആവശ്യപ്പെട്ടിട്ടും കൺവീനർ പ്രവൃത്തി നടത്തുന്നില്ല എന്നും പ്രവൃത്തി മറ്റൊരു സ്ഥലത്തേക്ക് മാറ്റാതെ തുടർന്നു നടത്തില്ല എന്ന് അറിയിച്ചതായും പിന്നിട് ഭരണസമിതി കൺവീനറുമായി നടത്തിയ ചർച്ചയിൽ 16-17ൽ മറ്റൊരു പദ്ധതി വാർഷിക പദ്ധതിയിലുൾപ്പെടുത്തി വേറൊരു സ്ഥലത്ത് നടപ്പാക്കും എന്നും 2017 മാർച്ചിനകം തീർപ്പാക്കും എന്നും അറിയിച്ചു. ഈ നടപടി തീർത്തും ക്രമവിരുദ്ധമാണ്. മുൻകൂർ കൈപ്പറ്റി പ്രവൃത്തി ആരംഭിക്കാത്ത കൺവീനറിൽ നിന്നും തുക പലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുമില്ല. മൊബിലൈസേഷൻ അഡ്വാൻസായി കൺവീനറിൽ നിന്നും ഒരു ലക്ഷം രൂപ 18% പലിശ സഹിതം തിരിച്ചീടാക്കാനാവശ്യമായ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. 100000 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-12 ഐഎവൈ ഗ്രാമപഞ്ചായത്ത് വിഹിതം - വിനിയോഗിച്ചില്ല

പ്രോജക്ട് 24/16

അടങ്കൽ 180000

ചെലവ് 80000 7/15-16/30.1.16

100000 20/15-16/19.3.16

2014-15 വർഷം പഞ്ചായത്ത് വിഹിതം 260000 രൂപ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കി. എന്നാൽ 5 ഗുണഭോക്താക്കൾ മാത്രമേ 2014-15 വർഷം എഗ്രിമെന്റ് വച്ചുള്ളൂ. 160000 രൂപ ഈയിനത്തിൽ അധികമുണ്ടായിരുന്നു. 15-16 വർഷം 12 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചു. ഗ്രാമപഞ്ചായത്ത് വിഹിതമായി 240000 രൂപ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കേണ്ടിയിരുന്നു. മുൻബാക്കി കഴിഞ്ഞ് 80000 രൂപ ഡിഡി നം 785245/1.2.16 പ്രകാരം പന്തലായനി ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കി. പിന്നീട് 5 ഗുണഭോക്താക്കൾ കൂടി എഗ്രിമെന്റ് വച്ചതിന് 100000 രൂപ കൂടി 786699/19.3.16 പ്രകാരം അടവാക്കി. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ വിനിയോഗ സർട്ടിഫിക്കറ്റിൽ തുക വിനിയോഗിച്ചില്ല എന്ന വിവരമാണ് ഉള്ളത്. തുക വിനിയോഗത്തിന്റെ അഭാവത്തിൽ 180000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-13 4,5,6 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മേശയും കസേരയും :അപേക്ഷ, കൈപ്പറ്റ് രശീതി ഇല്ല

നിർവ്വഹണോദ്യാഗസ്ഥൻ: ഹെഡ് മാസ്റ്റർ

ഫണ്ട്: എസ്.സി.പി

പ്രൊജക്ട് നമ്പർ:57/2016

ബിൽ തുക്:12/22-03-2016, 86607/-

പട്ടിക ജാതി വിഭാഗത്തിലെപ്പട്ട 4,5,6 ക്ളാസുകളിലെ വിദ്യാർത്ഥിക്ൾക്ക് മേശയും കസേരയും വാങ്ങി നല്കുക എന്ന പ്രോജക്ടിന്റെ ഭാഗമായി ഫിഡ്കോ എന്റർപ്രൈസസ്,ഒളവണ്ണ എന്ന സ്ഥാപനത്തിൽ നിന്നും 31 വീതം മേശയും കസേരയും വാങ്ങിയിട്ടുണ്ട്.ഇതിന്റെ വിലയായി 86607/-രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് ഡി.ഡി നമ്പർ 787439/31-03-2016 പ്രകാരം നല്കിയിട്ടുണ്ട്.എന്നാൽ ഈ പ്രോജക്ട് നടത്തിപ്പിന്റെ അടിസ്ഥാന രേഖകളായ ഗുണേഭാക്താക്കളുടെ അപേക്ഷ ,അർഹത തെളിയിക്കുന്ന മറ്റു അനുബന്ധ രേഖകൾ, ഗുണേഭാക്താക്കൾ മേശയും കസേരയും ഏറ്റുവാങ്ങിയതിന്റെ കൈപ്പറ്റു രശീതി എന്നിവ ഓഡിറ്റിനായി ലഭ്യമേക്കിയിട്ടില്ല . മേൽ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 3-14 കന്നുകുട്ടി പരിപാലന പദ്ധതി നിർവ്വഹണ രേഖകൾ ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജ്ജൻ

പദ്ധതി പേര്, നം. - പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, 13/15-16

ബിൽ നം.,തുക – 4/12-02-16, 250,000/-

ഫണ്ട്. : വികസന ഫണ്ട്

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്നതിനായി പഞ്ചായത്ത് വിഹിതം 250000/- രൂപ മേൽ വിവരിച്ച ബിൽ പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കാഫ് ഫീഡ്, കോഴിക്കോട് എന്നവർക്ക് അനുവദിച്ചിട്ടുണ്ട്. പദ്ധതിക്കായി തുക കൈമാറിയെങ്കിലും പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

- ഗ്രാമപഞ്ചായത്ത് തലത്തിൽ കന്നുകുട്ടികളെ തെരഞ്ഞെടുക്കുന്നതിനായി പ്രസിഡന്റ് ചെയർമാനും, വെറ്റിനറി സർജ്ജൻ കൺവീനറുമായി രൂപീകരിച്ച സമിതിയുടെ മിനട്ട്സ് ബുക്ക്, സമിതിയുടെ മറ്റ് പ്രവർത്തന രേഖകൾ.
- പദ്ധതി പ്രവർത്തനം ആരംഭിച്ച കാലയളവ്.
- പദ്ധതി നടത്തിപ്പിന് പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുത്ത ക്ഷീരവികസന സൊസൈറ്റിയുടെ പേര്.
- കർഷകർക്ക് പരിശീലനങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ.
- പദ്ധതിയുടെ ജില്ലാ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയ ഭൗതികനേട്ട റിപ്പോർട്ട്;വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ.
- പഞ്ചായത്ത് തലത്തിൽ പദ്ധതി മോണിട്ടറിംഗ് നടത്തിയതിന്റെ വിശദാംശങ്ങൾ.

മേൽ വിശദാംശങ്ങൾ പരിശോധനക്കായി ലഭ്യമാക്കാത്തതാനാൽ ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## **3-15** <u>വീട്ടു വയ്ക്കാൻ സ്ഥലം വാങ്ങൽ - സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചില്ല</u>

പ്രോജക്ട് എസ് സി കുടുംബങ്ങൾക്ക് വീട്ടു വയ്ക്കാൻ സ്ഥലം വാങ്ങൽ 189/16

നിർവ്വഹണം അസി.സെക്രട്ടറി

അടങ്കൽ 267000 വികസന ഫണ്ട് എസ് സി പി

150000 ബിൽ നം. 26/15-16/30.3.16

എസ് സി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങൽ പദ്ധതിക്ക് ശ്രീമതി ലത പ്രബീഷ് ചെറുവലത്ത് താഴെ കുനി എന്നവർക്ക് 150000 രൂപ ധന സഹായമായി അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ സ്ഥലം വാങ്ങാൻ തുക അനുവദിക്കുമ്പോൾ ഗുണഭോക്താവിനോ ഭാര്യ ഭർത്താവിനോ പാരമ്പര്യമായി മൂന്ന സെന്റ് (ഗ്രാമപ്രദേശത്ത്) സ്ഥലം ലഭിക്കാനുള്ള അർഹതയില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ ലതയുടെ ഭർത്താവിന് കുടുംബസ്വത്തായി എട്ടു സെന്റ് സ്ഥലമുണ്ടെന്നും ആയതിന് നാല് അവകാശികളുണ്ടെന്നും വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താവായ ലതയുടെ പേരിൽ സ്ഥലമില്ല എന്നതിന് സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 150000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## **3-16** <u>വാറ്റ് കുറവായി ഈടാക്കിയത്</u>

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ പ്രവൃത്തി പൂർത്തീകരിച്ച് അവസാന ബിൽ തുക നല്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ ,ബിൽ തുക നല്കുമ്പോൾ 4% നിരക്കിലുമാണ് നികുതി ഇടാക്കിയത്.ഇത് കോമ്പൗണ്ട് ചെയ്ത നിരക്കായതിനാൽ നികുതി കോമ്പൗണ്ട് ചെയ്തതിന് വില്പന നികുതി വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം കരാറുകാർ സമർപ്പിക്കേണ്ടതായിരുന്നു .എന്നാൽ സാക്ഷ്യപത്രം ആവശ്യപ്പെടാതെയാണ് കരാറുകാർക്ക് തുക അനുവദിച്ചിരിക്കുന്നത്. സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% നിരക്കിലുമാണ് നികുതി ഈടാക്കേണ്ടിയിരുന്നത്.വാറ്റ് ഈടാക്കിയതിൽ കുറവ് വന്നതിനാൽ സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി<br>കരാറുകാരൻ | 2015-16 ലെ പ്രവൃത്തിമൂല്യം (ചെലവു പത്രിക പ്രകാരം) | 1% നിരക്കിൽ കുറവുവന്ന തുക |
|---|---|---|---|
| 1 | ചെങ്ങോട്ടുകാവ് സ്കൂൾ ഫുട്പാത്ത് 173/16<br>ഒ.എം.ശിവദാസൻ | 199572 | 1995.72 |
| 2 | അംഗൻവാടി അടിസ്ഥാന സൗകര്യം 134/16 ഒ.എം.ശിവദാസൻ | 204263 | 2042.63 |
| 3 | നോബിതമുക്ക് കാരാട്ടുകുന്ന് റോഡ് റോഡ് 130/16 പത്മനാഭൻ.പി | 196628 | 1966.28 |
| 4 | അയനംമിൽ കക്കുഴിക്കൽ താഴെ റോഡ് 138/16 ഒ.എം.ശിവദാസൻ | 393769 | 3937.69 |
| 5 | മേലൂർ എൽ പി സ്കൂൾ റോഡ്<br>കെ ആർ വിനോദ് | 197538 | 1975.38 |

| | | | |
|---|---|---|---|
| 6 | മേല്പൂർ എൽ പി സ്കൂൾ തൈക്കണ്ടി ഫുട്പാത്ത് 106/16 സി.പി.ശ്രീകുമാർ | 97760 | 977.60 |
| 7 | എംഎം ഹോസ്പിറ്റൽ പാവറവയൽ കനാൽ റോഡ് 104/16 ഒ.എം.ശിവദാസൻ | 216543 | 2165.43 |
| 8 | കല്ലുവെട്ടുകുഴി മയിലാടംപാറ റോഡ് പി.ശിവദാസൻ | 404256 | 4042.56 |
| 9 | പൊയിൽകാവ് കോളോർ ടെമ്പിൾ റോഡ് പി.ശിവദാസൻ | 337221 | 3372.21 |
| 10 | പാനോളി താഴെ റോഡ് 202/15 ഒ.എം.ശിവദാസൻ | 97392 | 973.92 |
| | | | 23449.42 |

വാറ്റ് കുറവായി ഈടാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-17 റോഡ് പ്രവൃത്തികൾക്ക് ഭാഗിക പ്രൊജക്ട്

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ, IRC സ്പെസിഫിക്കേഷൻ എന്നിവ പ്രകാരം പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ റോഡ് ഫോർമേഷൻ മുതൽ ടാറിംഗ് വരെയുള്ള മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്ട് അംഗീകരിച്ച് പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്.എന്നാൽ 2015-16 വർഷത്തിലെ 64,72 നമ്പർ പ്രൊജക്ടുകളുടെ കാര്യത്തിൽ മണ്ണ് ഫില്ലിംഗ് മാത്രവും, 32,43,48, 51, 52, 53,61,62,65, 67, 73,74, 76, 81,82,83 എന്നീ നമ്പർ പ്രൊജക്ടുകൾ പ്രകാരം സോളിംഗ് വരെയുമുള്ള ഇനങ്ങൾ മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രവൃത്തികൾ നിർവ്വഹിച്ചു കാണുന്നു. മുൻ വർഷങ്ങളിലും ഇപ്രകാരം പ്രവൃത്തികൾ ചെയ്തതിനാൽ ഓഡിറ്റ് വർഷത്തിൽ ടാറിംഗ് നടത്തുമ്പോൾ റീ സോളിംഗ് ഇനത്തിൽ തുക ചെലവുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റീ സോളിംഗ് ഇനത്തിൽ അധികചെലവ് വരുന്നതും, തുക ചെലവഴിച്ചിട്ടും റോഡിന്റെ യഥാർത്ഥ ഗുണം ലഭിക്കുന്നതിന് കാലതാമസം വരുന്നതും, ഇപ്രകാരം ഭാഗിക പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിലെ വീഴ്ചയാണ്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് എഞ്ചിനീയർ നല്കിയ മറുപടിയിൽ ഇത്തരത്തിലുള്ള പ്രോജക്ടുകൾ ഒഴിവാക്കണമെന്നും പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പ്രവൃത്തി നടത്തണമെന്നും ആവർത്തിച്ചാവശ്യപ്പെട്ടിട്ടും പഞ്ചായത്ത് ഭരണ സമിതി അനുവദിക്കുന്നില്ല എന്നും ഇത്തരത്തിലുള്ള ഭാഗിക പ്രോജക്ടുകൾ കൂടുതൽ എണ്ണം വയ്ക്കുന്നതിനാൽ ചുരുങ്ങിയ ജീവനക്കാരെ ഉപയോഗിച്ച് പ്രവൃത്തികളുടെ ഗുണ നിലവാരം ഉറപ്പു വരുത്താനാവില്ല എന്നും അറിയിച്ചു. മേൽ കാര്യങ്ങൾ ഭരണ സമിതിയുടെ പ്രത്യക ശ്രദ്ധയിൽ കൊണ്ടു വരുന്നു. ഭാഗിക പ്രോജക്ടുകൾ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇരട്ടി ചെലവുകൾ വരുത്തി വയ്ക്കുന്നവയാണ്. ഭാവിയിൽ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ഭാഗിക പ്രോജക്ടുകൾ ഒഴിവാക്കേണ്ടതാണ്.

## 3-18 സർവ്വ ശിക്ഷാ അഭിയാൻ വിഹിതം അടവാക്കിയത് : വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ: ഹെഡ് മാസ്റ്റർ

ബിൽ,തുക:1/11-01-2016, 800,000/-(വികസന ഫണ്ട്)

2/02-03-2016, 100,000/-(ധനകാര്യ കമ്മീഷൻ അവാർഡ്)

മേൽ ബില്ലുകൾ പ്രകാരം പിൻവലിച്ച 900,000/-രൂപ ഡി.ഡി നമ്പർ 784741/14-01-2016 (800,000/-),786136 /02-03-2016(100,000) ആയി സർവ്വ ശിക്ഷാ അഭിയാൻ ജില്ലാ പ്രൊജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക നൽകുന്നതിന് അടിസ്ഥാനമായ,പഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അടങ്ങുന്ന ബജറ്റ് വിവരങ്ങൾ എസ്.എസ്.എ പ്രോഗ്രാം ഓഫീസർ തയ്യാറാക്കിയത് ലഭ്യമാക്കാതെയാണ് പഞ്ചായത്ത് എസ്.എസ്.എ വിഹിതം നൽകിയത്.പഞ്ചായത്ത് നൽകിയ തുക വിവിധ പദ്ധതികൾക്കായി ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.എ പ്രോഗ്രാം ഓഫീസിൽ നിന്ന് ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 300000/- | പാലിയേറ്റീവ് കെയർ മാറാരോഗികളുടെ പരിചരണവും വൈദ്യസഹായവും | 300000 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് ഒരു ലക്ഷം രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | ഇസ്മയിൽ.എം.കെ | മൂന്നുകുടിക്കൽ അംഗൻവാടി ഡ്രെയിനേജ് | ഡിഡി നം 78523/30.1.6 | 100000 | - | 100000 |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന | 533/2010 | 2015-16 ൽ | 8468919 | 2615858 | | 5853061 |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതി | /തസ്വഭവ തി 18-2-10 | എടുത്തിട്ടില്ല | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 3873842 |
| തൻവർഷം നിക്ഷേപിച്ച തുക | 441942(പലിശ) |
| ആകെ | 4315784 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1752414 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2563370 |

(2015-16)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രി ഷെയർ | 2500 | |
| മേലൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 2560770 | |
| മേലൂർ സർവ്വീസ് സഹകരണ ബാങ്ക് ഷെയർ | 100 | |
| ആകെ | 2563370 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല .

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2000-01, | 2003-04 | തെക്കേപ്പുറത്ത് റോഡ് പ്രവൃത്തി | ലഭ്യമല്ല. |
| 2000-01 | 2004-05 | നികുതിപിരിവിൽ അലംഭാവം | ലഭ്യമല്ല. |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 28384180 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 42902799 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 503788 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1886237 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 77288 | ശ്രീമതി.ദീപ.ടി.എ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 212500 | ശ്രീ.ബിജു.എം.എം, അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | | 67500 | ശ്രീ.ബിജു.എം.എം, അസിസ്റ്റന്റ് സെക്രട്ടറി |
| 3-5 | | 10000 | ശ്രീ.രാമകൃഷ്ണൻ, ഹെഡ് മാസ്റ്റർ |
| 3-7 | | 20000 | ശ്രീ.രാമകൃഷ്ണൻ, ഹെഡ് മാസ്റ്റർ |
| 3-9 | | 16500 | ഡോ.അബ്ദുൾ ലത്തീഫ്, വെറ്ററിനറി സർജ്ജൻ |
| 3-11 | | 100000 | ശ്രീമതി.ദീപ.ടി.എ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 503788 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 100000 | ശ്രീ.ഇ.രാജേന്ദ്രൻ, സെക്രട്ടറി |
| 3-6 | 119630 | ശ്രീ.രാമകൃഷ്ണൻ , ഹെഡ് മാസ്റ്റർ |
| 3-8 | 50000 | ശ്രീ.രാമകൃഷ്ണൻ, ഹെഡ് മാസ്റ്റർ |
| 3-10 | 50000 | ശ്രീ.രാമകൃഷ്ണൻ, ഹെഡ് മാസ്റ്റർ |
| 3-11 | 100000 | ശ്രീമതി.ദീപ.ടി.എ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12 | 180000 | ശ്രീ.ബിജു.എം.എം, അസിസ്റ്റന്റ് സെക്രട്ടറി |
| 3-13 | 86607 | ശ്രീ.രാമകൃഷ്ണൻ, ഹെഡ് മാസ്റ്റർ |
| 3-14 | 250000 | ഡോ.അബ്ദുൾ ലത്തീഫ്, വെറ്ററിനറി സർജ്ജൻ |
| 3-15 | 150000 | ശ്രീ.ബിജു.എം.എം, അസിസ്റ്റന്റ് സെക്രട്ടറി |
| 3-18 | 900000 | ശ്രീ.രാമകൃഷ്ണൻ, ഹെഡ് മാസ്റ്റർ |
| | 1886237 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിജു.എം.എം,<br>അസിസ്റ്റന്റ് സെക്രട്ടറി | പെർഫോർമൻസ് ഓഡിറ്റ് വിങ്<br>കുന്ദമംഗലം യൂണിറ്റ് | ശ്രീപത്മം,<br>കളത്തിൽ പറമ്പ് , പുതിയനിരത്ത്,<br>എലത്തൂർ പി.ഒ. കോഴിക്കോട് |
| ശ്രീമതി.ദീപ.ടി.എ, | അസിസ്റ്റന്റ് എഞ്ചിനീയർ , | കൃഷ്ണാഞ്ജന, |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് | കീപ്പാച്ചേരി താഴെ, എടക്കുളം(പി.ഒ.)<br>കോഴിക്കോട് |
| ശ്രീ.രാമകൃഷ്ണൻ<br>ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ<br>ആന്തട്ട ഗവ.യു.പി സ്കൂൾ മേലൂർ | ആവണി, പെരുവട്ടൂർ(പി.ഒ.)<br>കൊയിലാണ്ടി |
| ഡോ.അബ്ദുൾ ലത്തീഫ്,<br>വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ<br>വെറ്ററിനറി പോളിക്ലിനിക്ക്, കൊടുങ്ങല്ലൂർ | ഹൗസ് നം 4/122 ചേരാനല്ലൂർ(പിഒ)<br>എറണാകുളം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993-94 | എൽ.എഫ്.എസ്.1/388/96തി.16.03.96 | 03 |
| 1995-96 | എൽ.എഫ്.എസ്.1/1086/9/96തി.07.09.96 | 03 |
| 1996-97 | എൽ.എഫ്.എസ്.1/785/99 തി.05.07.99 | 14 |
| 1997-98 | എൽ.എഫ്.എസ്.1/1071/99 തി.07.08.99 | 21 |
| 1998-99 | എൽ.എഫ്.എസ്.1/375/99 തി.03.07.99 | 18 |
| 1999-2000 | എൽ.എഫ്.എസ്.1/985/01 തി.11.12.01 | 16 |
| 2000-01 പ്ലാൻ | എൽ.എഫ്.എസ്.1/903/03 തി.24.01.03 | 12 |
| 2001-02 | എൽ.എഫ്.എസ്.1/904/03 തി.05.11.03 | 08 |
| 2002-03 | എൽ.എഫ്.എസ്.1/55/07 തി.24.05.07 | 08 |
| 2003-04 | എൽ.എഫ്.പി6/744/99 തി.05.01.10 | 10 |
| 2004-05 | എൽ.എഫ്.പി6/510/09 തി.05.01.10 | 05 |
| 2005-06 | എൽ.എഫ്.പി6/744/09 തി.06.08.09 | 08 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി6/877/09 തി 21.05.10 | 04 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി4/553/10 തി.08.10.10 | 18 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി4/813/11 തി.21.07.11 | 18 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.എസ്2/264/12 | 12 |

| | | |
|---|---|---|
| 2010-11 | എൽ.എഫ്.കെ.കെ.ഡി.എസ്2/265/12 തി.27.03.12 | 12 |
| 2011-12,2012-13 | എൽ.എഫ്.കെ.കെ.ഡി.പി13/1587/14 തി.29.10.14 | 05 |
| 2013-14,2014-15 | എൽ.എഫ്.കെ.കെ.ഡി.പി13/1665/15 തി.7.11.15 | 36 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

**1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ കെ.കെ.ഡി-പി 13/2046/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി. 22-11-2016.

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻെറ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിൻെറ 2015–16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ്

പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P13/2046/2016

Kerala State Audit Department
District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in
Date: 22-11-2016.

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Chengottukavu Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chengottukavu Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure .

DEPUTY DIRECTOR
Kerala State Audit Department,
District Audit Office, Kozhikode.